# ആലപ്പുഴ ജില്ലാപഞ്ചായത്ത്

# ദിശ

## ബജറ്റ്

## 2026-27

# ആലപ്പുഴ ജില്ലാപഞ്ചായത്ത്

## ബജറ്റ് 2026-27

തീയതി : 02-03-2026

# പ്രസിഡന്റിന്റെ ആമുഖ പ്രസംഗം

ബഹുമാന്യ സഭാംഗങ്ങളെ,

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റ 2026-27 വർഷത്തെ ബഡ്ജറ്റ് വൈസ് പ്രസിഡന്റ് അഡ്വ. ഷീന സനൽകുമാർ അവതരിപ്പിക്കുകയാണ്. ഈ ഭരണസമിതി ചുമതല ഏറ്റതിന് ശേഷം ആദ്യത്തെ ബഡ്ജറ്റ് ആണ്. വളരെ അഭിമാനത്തോടെയാണ് ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. കഴിഞ്ഞ കാലയളവിൽ ജില്ലയിലെ സമഗ്ര വികസനത്തിന് ഗതിവേഗം നൽകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്ത് രൂപീകരിച്ച നാൾ മുതൽ ഉള്ള ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. നിരവധി വ്യക്തിത്വങ്ങൾ വഹിച്ച പങ്ക് ഈ ഘട്ടത്തിൽ സ്മരിക്കുകയാണ്.

നമ്മുടെ ജില്ല നിരവധി വികസന പ്രശ്നങ്ങൾ നേരിടുന്ന ജില്ലയായിരുന്നു. അവയ്ക്ക് പരിഹാരം കാണുന്നതിന് സംസ്ഥാന സർക്കാരും തദ്ദേശ സ്ഥാപനങ്ങളും വളരെ ദീർഘവീക്ഷണത്തോടെ പദ്ധതികൾ നടപ്പിലാക്കിയും പുതിയ പദ്ധതി ഏറ്റെടുത്ത് മുന്നോട്ട് പോകുകയാണ്. നൂതനങ്ങളായ നിരവധി പദ്ധതികളാണ് കഴിഞ്ഞ ഭരണസമിതി നടപ്പിലാക്കിയത്. അതിന്റ അടിസ്ഥാനത്തിൽ നിരവധി അവാർഡുകളും ലഭിക്കുകയുണ്ടായി. ആരോഗ്യ മേഖലയ്ക്കും, ഭിന്നശേഷി വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾക്കാണ് പ്രത്യേക അംഗീകാരം ലഭിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ മാതൃകാപരമായ പദ്ധതികൾ ഏറ്റെടുത്ത് നമുക്ക് പോകുവാൻ കഴിയും. മുൻകാല പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ തുടർന്നുള്ള നമ്മുടെ പദ്ധതി പ്രവർത്തനത്തിന് വഴികാട്ടിയാണ്.

സംസ്ഥാന സർക്കാർ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ക്രിയാത്മകമായി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ ജില്ലയിൽ പുതിയ ഉണർവ് നൽകി വരുന്നു.

മാലിന്യ മുക്തമായ നവകേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുമായി ചേർന്ന് ജില്ലാ പഞ്ചായത്ത് തനതായ വിവിധ പദ്ധതികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. മാലിന്യമുക്ത ജില്ലയെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ജാഗ്രതയോടുള്ള തുടർ പ്രവർത്തനം അനിവാര്യമാണ്.

നവകേരളം ലക്ഷ്യമിടുന്നത് വിജ്ഞാനാധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥ പടുത്തുയർത്തുകയെന്നതാണ്. അടിസ്ഥാന വികസനത്തിലൂടെ തൊഴിൽ ഉറപ്പാക്കാൻ കഴിയും. തൊഴിൽ നൈപുണ്യ വികസന പരിശീലന പദ്ധതി ആവിഷ്കരിച്ച് തുടർ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതാണ്.

കാർഷിക മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യം നേടുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസനം, വിത്തു ഗ്രാമം പദ്ധതി, തരിശു രഹിത ജില്ല, പച്ചക്കറി വ്യാപനം, സമഗ്ര എള്ള് കൃഷി എന്നീ പദ്ധതികൾ ഏറ്റെടുക്കുകയും മത്സ്യസമ്പത്ത് വർദ്ധിപ്പിച്ച്, സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങിയ പദ്ധതികൾ ആലോചിക്കുന്നു.

ജന്റർ സൗഹൃദ ജില്ലയായി നമ്മുടെ ജില്ലയെ മാറ്റുന്നതിനായി വേണ്ടിയുള്ള പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ മുഖേന തുടർ പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ സമഗ്രമായ പദ്ധതിക്കാണ് രൂപം നൽകുന്നത്. വിദ്യഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ആവശ്യമായ പദ്ധതികൾ രൂപം നൽകാൻ കഴിയണം.

അംഗനവാടി കെട്ടിടങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുക സ്മാർട്ട് അംഗനവാടിയും, മുഴുവൻ അംഗനവാടികൾക്കും കെട്ടിടം സ്ഥാപിക്കലും പ്രധാന ലക്ഷ്യമാണ്.

റോഡ് നവീകരണത്തിന് നൂതന രീതി ആവിഷ്കരിക്കുകയും ഗ്രാമീണ റോഡുകളുടെ സമഗ്ര വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി ആവിഷ്ക്കരിക്കും. ജില്ലയിലെ ടൂറിസം പദ്ധതിക്ക് രൂപം നൽകി ദേശീയ ടൂറിസം പദ്ധതിയുടെഭാഗമാക്കും. സാംസ്കാരിക രംഗത്ത് സജീവ ഇടപെടലിന്റെ ഭാഗമായി സാംസ്കാരിക കേന്ദ്രങ്ങളുമായി സംയോജിപ്പിച്ച് ആലപ്പുഴ പെരുമ, ഗ്രാമോത്സവം, കലാകാരന്മാരെ ആദരിക്കൽ, പരമ്പരാഗത കലകൾക്ക് പരിഗണന എന്നീ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. സമത്വത്തിലും നീതിബോധ പൂർവമായതും ലിംഗ തുല്യതയുള്ളതും സുസ്ഥിരവികസനം ലക്ഷ്യം വെച്ചു കൊണ്ടുള്ള രീതിശാസ്ത്രമാണ് ബജറ്റിൽ സ്വീകരിച്ചിട്ടുള്ളത്.

എല്ലാവരും ഏകമനസ്സോടെ പ്രവർത്തിക്കുന്നതിന്റെ ഫലമായാണ് പദ്ധതി സമയബന്ധിതമായും കാര്യക്ഷമമായി നടപ്പാക്കുന്നതിന് കഴിയുന്നത്. വരും വർഷത്തിലും ഈ രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു കാലാവധിക്കുള്ളിൽ തന്നെ പദ്ധതി നടപ്പിലാക്കി ജില്ലയെ മാതൃക ജില്ലയായി മാറ്റുന്നതിനുള്ള കാഴ്ചപ്പാടാണ് ബജറ്റിലൂടെ നൽകുന്നത് ജില്ലാ പഞ്ചായത്തിന്റെ ഭാവി പ്രവർത്തനത്തിൽ ഏവരുടെയും സഹകരണവും പിന്തുണയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

എ. മഹേന്ദ്രൻ
പ്രസിഡന്റ്

# ആലപ്പുഴ ജില്ലാപഞ്ചായത്ത്
# ബജറ്റ് 2026-27

തീയതി : 02/03/2026

പ്രിയമുള്ളവരെ

ഇന്ന് നമ്മുടെ ജില്ലാപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കുകയാണ്.

കേരളത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ല പ്രകൃതി സൗന്ദര്യം കൊണ്ടും സാംസ്കാരിക സമ്പത്തു കൊണ്ടും ചരിത്ര പാരമ്പര്യം കൊണ്ടും പ്രശസ്തമാണ്. വിപുലമായ കനാൽ ശൃംഖല ആലപ്പുഴയെ കിഴക്കിന്റെ വെനീസ് ആക്കി. കുട്ടനാടും, കരപ്പുറവും, ഓണാട്ടുകരയും ചേർന്ന് കാർഷിക പെരുമ നിലനിർത്തുന്നു. ഹൗസ് ബോട്ട് ടൂറിസം ജില്ലയുടെ മുഖമുദ്രയാണ്. പ്രകൃതിയും മനുഷ്യനും സഹജീവിക്കുന്ന മനോഹരമായ നാടാണ് നമ്മുടേത്. വള്ളംകളിയും കൃഷിയും പൈതൃകവും എല്ലാം ആലപ്പുഴയുടെ പ്രത്യേകതയാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളും സംസ്ഥാന സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന മിഷനുകളും നമ്മുടെ പദ്ധതിയുടെ രൂപകൽപനയിലും നിർവ്വഹണത്തിലും ദിശാബോധം നൽകാൻ നിർണായകമായിട്ടുണ്ട്.

കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ നവകേരളകർമ്മ പദ്ധതിയിലൂടെ ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം, പാർപ്പിടം, ശുചിത്വം എന്നീ മേഖലകളിൽ പുതിയ ചലനങ്ങൾ സൃഷ്ടിക്കുകയും അതിലൂടെ നമ്മുടെ ജില്ലയിലാകമാനം പുരോഗതി സാധ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. 2031 ൽ ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ തദ്ദേശസ്ഥാപനങ്ങളിലൂടെ, ജനകീയ പങ്കാളിത്തത്തിലൂടെ നേടിയെടുക്കുന്നതിനായി കേരളം കുതിക്കുകയാണ് .

ജില്ലയിലെ 72 ഗ്രാമപഞ്ചായത്തുകളെയും 12 ബ്ലോക്ക് പഞ്ചായത്തുകളെയും ഏകോപിപ്പിച്ച് സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞകാലങ്ങളിൽ ജില്ലാപഞ്ചായത്തിനായിട്ടുണ്ട്. കോവിഡ് മഹാമാരി, പ്രളയം പോലുള്ള ഏത് പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്യുന്നതിന് ജനങ്ങളോടൊപ്പം കൈകോർത്തിട്ടുണ്ട്.

വികസനം എന്നത് ദൃശ്യമായ, അനുഭവവേദ്യമാകുന്ന മാറ്റം എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. എന്നാൽ വികസനം എന്നത് വസ്തുതാപരമായ മാറ്റങ്ങൾക്കപ്പുറം മനുഷ്യന്റെ ജീവിതത്തിലെ തിരഞ്ഞെടുപ്പുകളുടെ വിപുലീകരണം കൂടിയാണെന്ന മനോഭാവമാണ് നമുക്ക് ഉണ്ടാകേണ്ടത്. വികസനം എന്നത് കേവലം റോഡുകളും പാലങ്ങളും കെട്ടിടങ്ങളും എന്നതിലുപരി ഓരോ മനുഷ്യന്റെയും സാമൂഹ്യ സാമ്പത്തിക ആരോഗ്യ മേഖലയിൽ ഉണ്ടാകുന്ന മെച്ചപ്പെടൽ ആണെന്ന ബോധ്യത്തോടെയാണ് നാം പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത്.

കാലാവസ്ഥ വ്യതിയാനവും ആഗോളതാപനവും ഭൂമിയുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിന് ഭീഷണി ഉയർത്തുകയാണ്. ഈ വെല്ലുവിളികളെ പ്രതിരോധിക്കുന്നതിനായി

പരിസ്ഥിതി സംരക്ഷണവും പ്രകൃതി സൗഹൃദ വികസനവും നാം ലക്ഷ്യം വയ്ക്കുകയാണ്. ജല സുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവി തലമുറയ്ക്ക് കൂടി ഉറപ്പാക്കേണ്ടതുണ്ട്.

മുൻ വർഷങ്ങളിലേതുപോലെ എല്ലാ മേഖലകൾക്കും അതിന്റേതായ പ്രാധാന്യം നൽകി കൊണ്ടാണ് പദ്ധതി വിഹിതം വിന്യസിച്ചിട്ടുള്ളത്.

## വികസന ഊന്നൽ

കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകി തരിശുരഹിത ജില്ലയായി ആലപ്പുഴയെ മാറ്റുക, കാർഷിക സംസ്കാരത്തെ വീണ്ടെടുക്കുന്നതിനായി ആലപ്പുഴ ബ്രാന്റിൽ അരി, പാൽ , എള്ളെണ്ണ എന്നിവ വിപണിയിൽ എത്തിക്കുക, കുട്ടികളിൽ കാർഷിക അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

മാതൃക വിദ്യാഭ്യാസ പദ്ധതിയിലൂടെ അക്കാദമിക് കൗൺസിൽ രൂപീകരിച്ച് അദ്ധ്യാപകരുടെയും കുട്ടികളുടെയും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ ഇടപെടലുകൾ വിഭാവനം ചെയ്യുന്നു. **ഒരു സ്കൂളിൽ ഒരു കളിയിടം** - വിദ്യാർത്ഥികളിലെ മാനസിക - ശാരീരിക - കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കളിസ്ഥലങ്ങൾ സജ്ജമാക്കുന്നു. കായിക മേഖലയിൽ വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ ജില്ലാ സ്പോർട്സ് അക്കാഡമി രൂപീകരിക്കും.

ഭിന്നശേഷി സൗഹൃദം, വയോജന സൗഹൃദം, ബാലസൗഹൃദം, മാറുന്ന കാലഘട്ടത്തിനനുസൃതമായി ലിംഗപദവിയിലും ലിംഗ സമത്വത്തിലും ഊന്നിയ സ്ത്രീ ശാക്തീകരണത്തിനുതകുന്ന വികസന കാഴ്ചപ്പാട് നാം മുന്നോട്ട് വയ്ക്കുന്നു.

ആലപ്പുഴ ടൂറിസത്തിന് വളരെ സാധ്യതയുള്ള ഒരു ജില്ലയാണ്. ഓരോ സ്ഥലത്തിന്റെയും സാധ്യതയ്ക്കനുസരിച്ച് ദേശീയ ടൂറിസം വകുപ്പും സംസ്ഥാന ടൂറിസം വകുപ്പും ജില്ലാ ഏജൻസിയുമായി ചേർന്നുകൊണ്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി ആലപ്പുഴ ജില്ലയെ ദേശീയ ടൂറിസം പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കും.

ജില്ലയിലെ പൈതൃക ഗ്രാമങ്ങളെ സംരക്ഷിക്കുക, **ആലപ്പുഴ പെരുമ** - സാംസ്കാരിക മേഖലയ്ക്ക് ഉണർവേകുന്നതിനായി സംസ്ഥാന സർക്കാരും ടൂറിസം വകുപ്പുമായി ചേർന്ന് ബ്ലോക്കുകളിൽ സാംസ്കാരിക കൂട്ടായ്മകൾ സംഘടിപ്പിച്ച് ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കും.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള നിരവധി പദ്ധതികളോടൊപ്പം സ്ത്രീകളുടെ സാമൂഹിക പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് **ഈസി കിച്ചൺ** പദ്ധതി നടപ്പിലാക്കും.

**കരുതലോടെ ശൈശവം** - ജില്ലയിൽ സ്ഥലം ലഭ്യമായ അംഗനവാടികൾക്ക് ഭൗതിക സാഹചര്യം ഒരുക്കി ശിശു സൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കും

ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കുന്നതിനായിമികച്ച മാലിന്യ സംസ്ക്കരണ പദ്ധതികളും **ഗോവർധൻ പദ്ധതി**യടക്കം നടപ്പാക്കും

സമഗ്ര പൊതുജനാരോഗ്യം ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതികൾക്ക് ഊന്നൽ നൽകുകയും, ഡബ്ല്യു.എച്ച്.ഒ. യുമായി ചേർന്ന് **ആരോഗ്യമേള** സംഘടിപ്പിച്ച് ആരോഗ്യ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുകയും ചെയ്യും.

ആലപ്പുഴ ജില്ലാപഞ്ചായത്തിന് 2026-27 സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗം വികസന ഫണ്ടായി **43.70 കോടി** രൂപയും പ്രത്യേക ഘടക പദ്ധതി വികസന ഫണ്ടായി **17.92 കോടി** രൂപയും പട്ടികവർഗ്ഗ ഉപപദ്ധതി വികസന ഫണ്ടായി **17.93** ലക്ഷം രൂപയും ധനകാര്യ കമ്മീഷൻ ബേസിക്ക് ഗ്രാന്റായി **5.14** കോടി രൂപയും ടൈഡ് ഗ്രാന്റായി **7.71** കോടി രൂപയും റോഡിതര മെയിന്റനൻസ് ഫണ്ടായി **17.19** കോടി രൂപയും മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടായി **16.44** കോടി രൂപയും സംസ്ഥാനാവിഷ്കൃത വിഹിതമായി **1** ലക്ഷം രൂപയും നികുതിയിതര വരുമാനമായി **4.11** കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റായി **7.52** കോടി രൂപയും ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് വിഹിതമായി **82** ലക്ഷം രൂപയും പ്രാരംഭ ബാക്കി ഇനത്തിലുള്ള **44.24** കോടി രൂപയുൾപ്പെടെ ആകെ **165 കോടി** രൂപയാണ് വരവിനത്തിൽ പ്രതീക്ഷിക്കുന്നത്.

ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും ഹോണറേറിയം മറ്റ് അലവൻസുകൾ നൽകുന്നതിനുമായി **5.55** കോടി രൂപയും ഓഫീസ് ചെലവുകൾക്കായി **1.23** കോടി രൂപയും ഭരണ ചെലവുകൾക്കായി **1.14** കോടി രൂപയും ബജറ്റിൽ നീക്കിവെയ്ക്കുന്നു.

## ഉൽപ്പാദന മേഖല - 7.05 കോടി രൂപ

### കാർഷിക മേഖലയിൽ 4.25 കോടി രൂപ

- ♦ നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡിക്കായി : 1 കോടി രൂപ
- ♦ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് (പമ്പ്, മോട്ടോർതറ, റാമ്പ്/ബണ്ട് നിർമ്മാണം : 1 കോടി രൂപ
- ♦ **കേരഗ്രാമം** പദ്ധതി - മാതൃക നാളികേര കൃഷി പ്രോത്സാഹനം : 20 ലക്ഷം രൂപ
- ♦ **തരിശുരഹിത ആലപ്പുഴ** - തരിശു കിടക്കുന്ന സ്ഥലങ്ങൾ വനിത ജെ.എൽ. ഗ്രൂപ്പുകളെ ഉപയോഗപ്പെടുത്തി കൃഷിയോഗ്യമാക്കുക : 50 ലക്ഷം രൂപ
- ♦ ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2026-27 - **എള്ള്, വെറ്റില** കൃഷി വ്യാപനം : 30 ലക്ഷം രൂപ
- ♦ **വിത്ത്** ഗ്രാ**മം** പദ്ധതി- കർഷകരിൽ നിന്ന് വിത്ത് ഉല്പാദിപ്പിക്കലും സംഭരിയ്ക്കലും അനുബന്ധ പ്രവർത്തനങ്ങളും : 1 കോടി രൂപ
- ♦ ജില്ലാപഞ്ചായത്ത് സ്കൂളുകളിൽ പച്ചക്കറി / ഫലവൃക്ഷവിളകളുടെയും / ഔഷധ ചെടികളുടേയും നടീൽ വസ്തുക്കളുടെ ഉത്പാദനം : 25 ലക്ഷം രൂപ

### മത്സ്യബന്ധന രംഗത്ത് തീരദേശ മത്സ്യത്തൊഴിലാളികൾക്ക് - 90 ലക്ഷം രൂപ

- ✸ മത്സ്യത്തൊഴിലാളികൾക്ക് (എഫ്.ആർ.പി/ കട്ടമരം / ചെറിയതടി വള്ളം) വള്ളം നൽകൽ (തെക്കൻ മേഖല): 20 ലക്ഷം രൂപ
- ✸ മത്സ്യത്തൊഴിലാളികൾക്ക് (എഫ്.ആർ.പി/ കട്ടമരം / ചെറിയതടി വള്ളം) വള്ളം നൽകൽ (വടക്കൻ മേഖല): 20 ലക്ഷം രൂപ

- ✸ പൊതു ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ : 10 ലക്ഷം രൂപ
- ✸ മത്സ്യതൊഴിലാളി വനിതകളുടെ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭങ്ങൾ (മൊബൈൽ ഫിഷ് വെന്റിങ്ങ് കിയോസ്ക് / മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്ന നിർമ്മാണയൂണിറ്റ് സ്ഥാപിക്കലും പരിശീലനവും) : 30 ലക്ഷം രൂപ
- ✸ 15 മീറ്റർ ഒ.എ.എൽ അധികരിക്കാത്ത എഫ്.ആർ.പി /മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങി നൽകൽ : 10 ലക്ഷം രൂപ

**മൃഗസംരക്ഷണ മേഖലയിൽ - 10 ലക്ഷം രൂപ**

- ◆ ജന്തുജന്യ രോഗങ്ങളുടെ വ്യാപനം തടയാൻ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ പദ്ധതിയ്ക്ക് : 10 ലക്ഷം രൂപ

**ക്ഷീരവികസന മേഖലയിൽ - 1 കോടി 40 ലക്ഷം രൂപ**

- ❋ **കച്ചി സംഭരണ കേന്ദ്രം** - ജില്ലാപഞ്ചായത്ത് ഫാമുകളിൽ തുടങ്ങുന്നതിന് : 10 ലക്ഷം രൂപ
- ❋ ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് : 30 ലക്ഷം രൂപ
- ❋ പാലിന് സബ്സിഡി : 1 കോടി രൂപയും

വകയിരുത്തുന്നു.

**ചെറുകിട വ്യവസായം - 40 ലക്ഷം രൂപ**

- ⇨ ഖാദി കേന്ദ്രങ്ങളുടെ നവീകരണം : 30 ലക്ഷം രൂപ
- ⇨ തൊഴിൽദായക സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം : 10 ലക്ഷം രൂപയും

വകയിരുത്തുന്നു.

## സേവന മേഖലയിൽ - 26.67 കോടി രൂപ

**ഭവനം - 9 കോടി 10 ലക്ഷം രൂപ**

- ✓ പി എം എ വൈ -ബ്ലോക്ക് പഞ്ചായത്തുകൾക്ക് അധിക വിഹിതം നൽകൽ : 6 കോടി രൂപ
- ✓ ലൈഫ് പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (ജനറൽ) : 3 കോടി രൂപ
- ✓ ലൈഫ് പദ്ധതി- ഭൂരഹിത ഭവന നിർമ്മാണം- ഭൂമി വാങ്ങുന്നതിനുള്ള സഹായം (ജനറൽ) : 10 ലക്ഷം രൂപയും

വകയിരുത്തുന്നു.

**സാമൂഹ്യനീതി 3 കോടി 50 ലക്ഷം രൂപ**

- ✱ ട്രാൻസ് ജെന്റേഴ്സ് ഗ്രൂപ്പുകൾക്ക് സ്വയംതൊഴിലിന് സഹായം : 10 ലക്ഷം രൂപ

* **പാഥേയം**- എച്ച് ഐ വി ബാധിതർക്ക് പോഷകാഹാരം : 1 കോടി രൂപ
* ചലനശേഷി നഷ്ടപ്പെട്ടവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്ക്കൂട്ടർ വാങ്ങി നൽകൽ : 50 ലക്ഷം രൂപ
* ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള 2026-27 വർഷത്തെ സ്ക്കോളർഷിപ്പും ബത്തകളും : 80 ലക്ഷം രൂപ
* ബാരിയർ ഫ്രീ ഓഫീസ് (ജില്ലാ പഞ്ചായത്തും ഘടക സ്ഥാപനങ്ങളും) : 1 കോടി രൂപ
* **ആരവം** -വയോജന കലാമേള : 10 ലക്ഷം രൂപയും

വകയിരുത്തുന്നു.

**ജന്ററും വികസനവും കുട്ടികളുടെ വികസനവും - 1 കോടി 80 ലക്ഷം രൂപ**

- അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ : 80 ലക്ഷം രൂപ
- ജില്ലാ ജാഗ്രതാ സമിതി പ്രവർത്തനം : 10 ലക്ഷം രൂപ
- വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിലിന് സഹായം : 50 ലക്ഷം രൂപ
- ജന്റർപാർക്ക് പ്രവർത്തന ചെലവ് : 10 ലക്ഷം രൂപ
- ജന്റർ റിസോഴ്സ് സെന്റർ സ്ത്രീ പദവി പഠനവും അനുബന്ധ പ്രവർത്തനങ്ങളും : 10 ലക്ഷം രൂപ
- സ്കൂളുകളിൽ ജന്റർ ഡെസ്ക് രൂപീകരണവും പ്രവർത്തനവും : 10 ലക്ഷം രൂപ
- കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേഷൻ സെന്റർ സജ്ജമാക്കൽ : 10 ലക്ഷം രൂപയും

വകയിരുത്തുന്നു.

**വിദ്യാഭ്യാസം, കല, സംസ്കാരം, കായികം 8 കോടി 34 ലക്ഷം രൂപ**

- എസ്.പി.സി യൂണിറ്റ് പ്രവർത്തിക്കുന്ന ജില്ലാ പഞ്ചായത്ത് സ്കൂളുകൾ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് എസ്.പി.സി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് വിഹിതം നൽകൽ : 11 ലക്ഷം രൂപ
- ഗ്രാമ പഞ്ചായത്തുകളുടെ സ്റ്റേഡിയം പുനരുദ്ധാരണ പ്രവർത്തികൾക്ക് വിഹിതം നൽകൽ : 10 ലക്ഷം രൂപ
- ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ടൂറിസം ഫെസ്റ്റും സംഘടിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ : 25 ലക്ഷം രൂപ
- **നിലാവ്** പദ്ധതി - പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം : 10 ലക്ഷം രൂപ

- ജില്ലാ പഞ്ചായത്ത് സ്കൂളുകളിൽ കൾച്ചറൽ ഹബ്ബ് - കുട്ടികൾക്ക് പ്രത്യേക പരിശീലനം (നാടകം, നൃത്തം, സിനിമ) : 11 ലക്ഷം രൂപ
- ചെട്ടികുളങ്ങര ഫെസ്റ്റ് : 25 ലക്ഷം രൂപ
- ആലപ്പുഴ പെരുമ ഫെസ്റ്റ് : 25 ലക്ഷം രൂപ
- **എ.ഐ. കോർണർ**-ഡിജിറ്റൽ സ്കൂൾ ഇന്നവേഷൻ ഹബ്ബ് - കുട്ടികൾക്ക് പ്രത്യേക പരിശീലനം : 10 ലക്ഷം രൂപ
- എസ്.എസ്.കെ വിഹിതം നൽകൽ : 60 ലക്ഷം രൂപ
- തുല്യതാ തുടർ വിദ്യാഭ്യാസ പദ്ധതി : 10 ലക്ഷം രൂപ
- ജില്ലാ പഞ്ചായത്ത് സ്കൂൾ വിദ്യാർത്ഥിനികൾക്ക് ആയോധനകല പ്രത്യേക പരിശീലനം (തായ്കോണ്ടൊ, കരാട്ടെ, കളരിപ്പയറ്റ്) : 10 ലക്ഷം രൂപയും

വകയിരുത്തുന്നു.

## ആരോഗ്യം രംഗത്ത് 3 കോടി 50 ലക്ഷം രൂപ

- **ആർദ്രം ആലപ്പുഴ** - ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ : 20 ലക്ഷം രൂപ
- ഡയാലിസിസ് രോഗികൾക്ക് ധനസഹായം- ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ : 30 ലക്ഷം രൂപ
- ജില്ലാ ഹോമിയോ ആശുപത്രിയുടെ സമഗ്ര പാലിയേറ്റീവ് പ്രവർത്തനങ്ങൾ : 10 ലക്ഷം രൂപ
- മാവേലിക്കര ജില്ലാ ആശുപത്രി സെക്കന്ററി പാലിയേറ്റീവ് പ്രവർത്തനങ്ങൾ മരുന്നും ഉപകരണങ്ങളും വാങ്ങൽ : 10 ലക്ഷം രൂപ
- ആലപ്പുഴ ജില്ലാ ഹോമിയോ ആശുപത്രിയിലെ വയോജന ക്ലിനിക്കിനു മരുന്നും വിതരണ സാമഗ്രികളും വാങ്ങൽ : 40 ലക്ഷം രൂപ
- മാവേലിക്കര ജില്ലാ ആശുപത്രി- സ്ത്രീരോഗ വിഭാഗം ശാക്തീകരണവും, വാർഡുകൾ വനിതാ-ശിശു സൗഹൃദമാക്കലും : 50 ലക്ഷം രൂപ
- ചെങ്ങന്നൂർ ജില്ലാ ആശുപത്രി സെക്കന്ററി പാലിയേറ്റീവ് കെയർ : 10 ലക്ഷം രൂപ
- ജില്ലാ ആയുർവ്വേദ ആശുപത്രി - കെട്ടിടം നിർമ്മാണം : 1 കോടി രൂപ
- ആയുർവ്വേദം സെക്കന്ററി പാലിയേറ്റീവ് കെയർ : 10 ലക്ഷം രൂപ
- ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കുട്ടികൾക്കും വയോജനങ്ങൾക്കും പാർക്ക് : 10 ലക്ഷം രൂപ
- ജില്ലാ പഞ്ചായത്ത് ആശുപത്രികളിൽ ഹാഫ് ബർത്ത്ഡേ ആഘോഷം : 10 ലക്ഷം രൂപ

- സമഗ്ര പാലിയേറ്റീവ്- ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ : 50 ലക്ഷം രൂപയും വകയിരുത്തുന്നു.

## ദാരിദ്ര്യ ലഘൂകരണം - 1 കോടി 25 ലക്ഷം രൂപ

- അഗതി രഹിത കേരളം പദ്ധതിക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ : 30 ലക്ഷം രൂപ
- വനിതാഗ്രൂപ്പുകൾക്ക് അസാപ്പ് വഴി സംരംഭകത്വ പരിശീലനം നൽകൽ : 25 ലക്ഷം രൂപ
- അതി ദരിദ്ര മുക്തർക്കുള്ള ക്ഷേമ പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം നൽകൽ (ജനറൽ/എസ്.സി/എസ്.റ്റി / തീരദേശം) : 20 ലക്ഷം രൂപ
- കുടുംബശ്രീ വനിതകൾക്ക് മാർക്കറ്റിംഗ് ഔട്ട്ലെറ്റ് : 50 ലക്ഷം രൂപയും വകയിരുത്തുന്നു

## പൊതു പ്രൊജക്ടുകൾ- 43 ലക്ഷം രൂപ

- ✓ ഐ.കെ.എം വിഹിതം നൽകൽ : 10 ലക്ഷം രൂപ
- ✓ എ.എം.സി പുതുക്കൽ : 3 ലക്ഷം രൂപ
- ✓ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് : 5 ലക്ഷം രൂപ
- ✓ ഐ.എസ്.ഒ. തുടർപ്രവർത്തനം : 5 ലക്ഷം രൂപ
- ✓ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് വാഹനം വാങ്ങൽ : 20 ലക്ഷം രൂപയും വകയിരുത്തുന്നു.

# പശ്ചാത്തല മേഖലയിൽ

## പൊതു മരാമത്ത്, വൈദ്യുതി, ഊർജ്ജം - 5 കോടി 8 ലക്ഷം രൂപ

- വിവിധ ഡിവിഷനുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ : 1 കോടി രൂപ
- വിവിധ ഡിവിഷനുകളിൽ ഹൈടെക് അങ്കണവാടി നിർമ്മാണം : 4.8 കോടി രൂപ

## മറ്റുള്ളവ - 9 കോടി 51 ലക്ഷം രൂപ

- ★ എസ്.സി.പി, റ്റി.എസ്.പി പദ്ധതികൾക്കായുള്ള പരിഹാര തുക വകയിരുത്തൽ : 7.51 കോടി രൂപ
- ★ ബഹുവർഷ പദ്ധതികൾക്കായുള്ള തുക വകയിരുത്തൽ: 2 കോടി രൂപയും വകയിരുത്തുന്നു.

## പട്ടികജാതി മേഖലയിൽ 17.92 കോടി രൂപ

- എസ്.എസ്.കെ വിഹിതം നൽകൽ : 50 ലക്ഷം രൂപ
- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകൽ : 50 ലക്ഷം രൂപ

* പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ : 1 കോടി രൂപ
* പട്ടികജാതി സങ്കേതങ്ങളുടെ സമഗ്രവികസനം : 7.2 കോടി രൂപ
* ദേശീയ അന്തർദേശീയ തലത്തിൽ കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ധനസഹായം : 10 ലക്ഷം രൂപ
* പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ : 50 ലക്ഷം രൂപ
* ലൈഫ് പദ്ധതി ജില്ലാപഞ്ചായത് വിഹിതം നൽകൽ (എസ്.സി.പി) (സമ്പൂർണ്ണ ഭവന പദ്ധതി) : 2 കോടി രൂപ
* പി.എം.എ.വൈ - എസ്.സി.പി- ബ്ലോക്ക് പഞ്ചായത്തുകൾക്ക് അധിക വിഹിതം നൽകൽ (സമ്പൂർണ്ണ ഭവന പദ്ധതി) : 1 കോടി രൂപ
* പട്ടികജാതി യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങിനൽകൽ : 10 ലക്ഷം രൂപ
* നേഴ്സിംഗ് യോഗ്യതയുള്ള പട്ടികജാതി പെൺകുട്ടികൾക്ക് ആശുപത്രികളിൽ അപ്രന്റീസ് നിയമനം : 50 ലക്ഷം രൂപ
* പട്ടികജാതി യുവതി-യുവാക്കൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അപ്രന്റീസ് നിയമനം : 30 ലക്ഷം രൂപ
* മിശ്ര വിവാഹിതരായ പട്ടികജാതി യുവതികൾക്കുള്ള ധനസഹായത്തിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ : 50 ലക്ഷം രൂപ
* പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ : 50 ലക്ഷം രൂപ
* വിവിധ ഡിവിഷനുകളിലെ പട്ടികജാതി സങ്കേതങ്ങളിലേക്ക് റോഡ് അറ്റകുറ്റപണികൾ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ : 1 കോടി രൂപ
* പട്ടികജാതി ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസുകൾ : 25 ലക്ഷം രൂപ
* വിവിധ ഡിവിഷനുകളിലെ പട്ടികജാതി സങ്കേതങ്ങളിലേക്ക് റോഡ് അറ്റകുറ്റപണികൾ : 1 കോടി രൂപ
* പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിലിന് സഹായം : 10 ലക്ഷം രൂപ

| | | | |
|---|---|---|---|
| ✱ | ബഹുവർഷ പദ്ധതികൾക്കായുള്ള തുക വകയിരുത്തൽ: | | 87.33 ലക്ഷം രൂപ |

## പട്ടികവർഗ്ഗ വിഭാഗമേഖലയിൽ 18 ലക്ഷം രൂപ

| | | | |
|---|---|---|---|
| → | പട്ടികവർഗ്ഗകാർക്ക് ഭവന നിർമ്മാണം | : | 10 ലക്ഷം രൂപ |
| → | പട്ടികവർഗ്ഗ വിഭാഗത്തിന്റെ പരമ്പരാഗത കലാരൂപങ്ങളുടെ പ്രോത്സാഹനവും, ഉൽപന്നങ്ങളുടെ വിപണനവും | : | 1 ലക്ഷം രൂപ |
| → | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | : | 2 ലക്ഷം രൂപ |
| → | പട്ടികവർഗ്ഗകാർക്ക് ഭൂമി വാങ്ങൽ വകയിരുത്തുന്നു | : | 5 ലക്ഷം രൂപയും |

## മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് മേഖലയിൽ - 17.19 കോടി രൂപ

| | | | |
|---|---|---|---|
| ⇨ | ജില്ലാ പഞ്ചായത്ത് സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം | : | 6.46 കോടി രൂപ |
| ⇨ | പെരിറ്റോണിയൽ ഡയാലിസിസ് കൺസ്യൂമബിൾസ് നൽകൽ | : | 15 ലക്ഷം രൂപ |
| ⇨ | സ്കൂളുകളുടെ അടിയന്തര അറ്റകുറ്റപണികളും ശുചീകരണ പ്രവർത്തനങ്ങളും | : | 10 ലക്ഷം രൂപ |
| ⇨ | വിദ്യാർത്ഥികൾക്ക് പ്രത്യേക കായിക പരിശീലന പരിപാടി | : | 15 ലക്ഷം രൂപ |
| ⇨ | വിദ്യാലയങ്ങളിലെ ദൈനംദിന ചെലവുകൾ | : | 40 ലക്ഷം രൂപ |
| ⇨ | ജില്ലാ പഞ്ചായത്ത് സ്കൂളുകൾക്ക് പ്രവേശനോത്സം - തുക നൽകൽ | : | 10 ലക്ഷം രൂപ |
| ⇨ | കമ്പ്യൂട്ടർ ലാപ്പ്ടോപ്പ് അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകൽ | : | 50 ലക്ഷം രൂപ |
| ⇨ | സ്പോർട്സാണ് ലഹരി | : | 10 ലക്ഷം രൂപ |
| ⇨ | ജില്ലാപഞ്ചായത്ത് സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകൽ | : | 25 ലക്ഷം രൂപ |
| ⇨ | ജില്ലാ ആയുർവേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ | : | 80 ലക്ഷം രൂപ |
| ⇨ | ജില്ലാ ആയുർവേദ ആശുപത്രിയുടെ ദൈനംദിന ചെലവുകൾ | : | 30 ലക്ഷം രൂപ |
| ⇨ | ജില്ലാ ആയുർവ്വേദ ആശുപത്രി ആർ.ഒ പ്ലാന്റിന്റെയും മറ്റ് ഉപകരണങ്ങളുടെയും എ.എം.സി പുതുക്കൽ | : | 7 ലക്ഷം രൂപ |
| ⇨ | ആലപ്പുഴ ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ | : | 30 ലക്ഷം രൂപ |

- ആലപ്പുഴ ജില്ലാ ഹോമിയോ ആശുപത്രി പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാടകയ്ക്ക് എടുത്ത വാഹനത്തിന് തുക നൽകൽ : 4 ലക്ഷം രൂപ
- ആലപ്പുഴ ജില്ലാ ഹോമിയോ ആശുപത്രിക്ക് ദൈനംദിന ചെലവുകൾ : 30 ലക്ഷം രൂപ
- ആലപ്പുഴ ജില്ലാ ഹോമിയോ ആശുപത്രി അടിസ്ഥാന സൗകര്യ വികസനം : 10 ലക്ഷം രൂപ
- ചെങ്ങന്നൂർ ജില്ലാ ആശുപത്രി ദൈനംദിന ചെലവുകൾ : 40 ലക്ഷം രൂപ
- ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലേക്ക് മരുന്നും ലാബ് റീ ഏജന്റ് വാങ്ങലും : 30 ലക്ഷം രൂപ
- ചെങ്ങന്നൂർ ജില്ലാ ആശുപത്രി - ഇ.എൻ.റ്റി ഡിപ്പാർട്ട്മെന്റിനാവശ്യമായ സർജിക്കൽ ഉപകരണങ്ങൾ വാങ്ങൽ : 25 ലക്ഷം രൂപ
- മാവേലിക്കര ആശുപത്രിയിലേക്ക് സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കൽ : 5 ലക്ഷം രൂപ
- മാവേലിക്കര ജില്ലാ ആശുപത്രി - മാതൃ ശിശു സംരക്ഷണം-മോഡുലാർ ഓപ്പറേഷൻ തീയറ്റർ നവീകരണം : 10 ലക്ഷം രൂപ
- മാവേലിക്കര ജില്ലാ ആശുപത്രി ദൈനംദിന ചെലവുകൾ : 40 ലക്ഷം രൂപ
- മാവേലിക്കര ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണീറ്റിലേക്ക് കൺസ്യൂമബിൾസ് വാങ്ങൽ : 25 ലക്ഷം രൂപ
- മാവേലിക്കര ജില്ലാ ആശുപത്രിയിലെ ലാബ്, റേഡിയോളജി, ബ്ലഡ് സെന്റർ എന്നിവയിലേക്ക് റീഏജന്റും കൺസ്യൂമബിൾസും വാങ്ങൽ : 25 ലക്ഷം രൂപ
- മാവേലിക്കര ജില്ലാ ആശുപത്രിയിലെ ജില്ലാ അർബുദ ചികിത്സാ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ : 25 ലക്ഷം രൂപ
- മാവേലിക്കര ജില്ലാ ആശുപത്രിയിലെ ഫാർമസിയിലേക്ക് അടിയന്തിര ഘട്ടങ്ങളിൽ മരുന്ന് വാങ്ങൽ : 10 ലക്ഷം രൂപ
- മാവേലിക്കര ജില്ലാ ആശുപത്രിയിലെ വിവിധ യൂണിറ്റുകൾക്ക് സർജിക്കൽ ഉപകരണങ്ങൾ വാങ്ങൽ : 10 ലക്ഷം രൂപ
- മാവേലിക്കര ജില്ലാ ആശുപത്രിയിലെ പക്ഷാഘാത പുനരധിവാസത്തിന് സമഗ്ര ഫിസിയോതെറാപ്പി യൂണീറ്റ് സ്ഥാപിക്കൽ : 10 ലക്ഷം രൂപ

- ⇨ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ : 30 ലക്ഷം രൂപ
- ⇨ ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് ഓഫീസിലെ ദൈനംദിന ചെലവുകൾ : 50,000/- രൂപ
- ⇨ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെയും റീജണൽ ഓഫീസുകളിലെയും ദൈനംദിന ചെലവുകൾ : 1 ലക്ഷം രൂപ
- ⇨ ചീഫ് വെറ്ററിനറി ഓഫീസിലെ ദൈനംദിന ചെലവുകൾ : 1 ലക്ഷം രൂപ
- ⇨ ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ദൈനംദിന ചെലവുകൾ : 1 ലക്ഷം രൂപ
- ⇨ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആയുർവ്വേദ മരുന്ന് വാങ്ങൽ : 40 ലക്ഷം രൂപ
- ⇨ **ആരോഗ്യ നൗക** -ഫ്ളോട്ടിംഗ് ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ : 3 ലക്ഷം രൂപ
- ⇨ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ : 3 ലക്ഷം രൂപ
- ⇨ ജില്ലാ വെറ്ററിനറി കേന്ദ്രത്തിന് ആശ്യമായ കൺസ്യൂമബിൾസ് വാങ്ങൽ : 2 ലക്ഷം രൂപ
- ⇨ ഊർജ്ജ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് സ്ക്കൂളുകളിലും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കൽ : 25 ലക്ഷം രൂപ
- ⇨ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ കസ്റ്റം ഹയറിംഗ് ചെലവുകൾ : 2 ലക്ഷം രൂപ
- ⇨ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ദൈംനദിന ചെലവുകൾ : 1 ലക്ഷം രൂപ
- ⇨ ജില്ലാ മണ്ണ് പരിശോധനാ ലാബുകളുടെ ദൈനംദിന ചെലവുകൾ : 1 ലക്ഷം രൂപ
- ⇨ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകളുടെ ദൈനംദിന ചെലവുകൾ : 1 ലക്ഷം രൂപ
- ⇨ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ ഓഫീസ് ദൈനംദിന ചെലവുകൾ : 1 ലക്ഷം രൂപ
- ⇨ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ദൈനംദിന ചെലവുകൾ : 1 ലക്ഷം രൂപ
- ⇨ ജില്ലാ ആയുർവേദ ആശുപത്രിക്ക് വാടക നൽകൽ : 26 ലക്ഷം രൂപ
- ⇨ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ ഫർണ്ണിച്ചർ വാങ്ങൽ : 12.14 ലക്ഷം രൂപ

⇨ ബഹുവർഷ പദ്ധതികൾക്കായുള്ള തുക വകയിരുത്തൽ: 3 കോടി രൂപയും വകയിരുത്തുന്നു.

**മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ - 16.44 കോടി രൂപ**

- വിവിധ ഡിവിഷനുകളിലെ റോഡ് അറ്റകുറ്റപണികൾ : 11.50 കോടി രൂപ
- ബഹുവർഷ പദ്ധതികൾക്കായുള്ള തുക വകയിരുത്തൽ: 4.94 കോടി രൂപയും വകയിരുത്തുന്നു.

**സി.എഫ്.സി. ബേസിക് ഗ്രാന്റ് ഇനത്തിൽ - 5.14 കോടി രൂപ**

- ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലകളുടെ നിർമ്മാണം / അറ്റകുറ്റപ്പണി : 3.15 കോടി രൂപ
- ഖാദി യൂണിറ്റുകൾക്ക് ഖാദി ഗ്രാമവ്യവസായ കെട്ടിട നിർമ്മാണവും അറ്റകുറ്റപ്പണികളും : 50 ലക്ഷം രൂപ
- ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലകളുടെ അടിസ്ഥാന സൗകര്യ വികസനം : 25 ലക്ഷം രൂപ
- ബഹുവർഷ പദ്ധതികൾക്കായുള്ള തുക വകയിരുത്തൽ: 1.24 കോടി രൂപയും വകയിരുത്തുന്നു.

**സി.എഫ്.സി. ടൈഡ് -ശുചിത്വം മേഖലയിൽ - 3.85 കോടി രൂപ**

- പൊതുജലാശയങ്ങൾ ആഴംകൂട്ടി സംരക്ഷിക്കൽ : 50 ലക്ഷം രൂപ
- ആലപ്പുഴ ജില്ലാഹോമിയോ ആശുപത്രിയിലെ മാലിന്യസംസ്കരണം : 1.5 ലക്ഷം രൂപ
- മാവേലിക്കര ജില്ലാശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യനിർമാർജ്ജനം : 10 ലക്ഷം രൂപ
- ചെങ്ങന്നൂർ ജില്ലാശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യനിർമാർജ്ജനം : 8 ലക്ഷം രൂപ
- ഗ്രാമ പഞ്ചായത്തുകളുടെ ശുചിത്വ പ്രൊജക്കുകൾക്ക് വിഹിതം നൽകൽ : 50 ലക്ഷം രൂപ
- കാന നിർമ്മാണം : 50 ലക്ഷം രൂപ
- ബഹുവർഷ പദ്ധതികൾക്കായുള്ള തുക വകയിരുത്തൽ : 2.16 കോടി രൂപയും വകയിരുത്തുന്നു.

**സി.എഫ്.സി. ടൈഡ് - കുടിവെള്ള മേഖലയിൽ - 3.85 കോടി രൂപ**

- വിവിധ ഡിവിഷനുകളിൽ കേരളാ വാട്ടർ അതോറിറ്റി വഴി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ : 1.85 കോടി രൂപ
- വിവിധ ഡിവിഷനുകളിൽ മിനി വാട്ടർ സപ്ലൈ സ്ഥാപിക്കൽ : 50 ലക്ഷം രൂപ
- ഭൂജല വകുപ്പ് വഴി ട്യൂബ് വെല്ലുകൾ സ്ഥാപിക്കൽ : 50 ലക്ഷം രൂപ
- സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ : 1 കോടി രൂപ

**തനത് ഫണ്ട് - കൃഷി & മൃഗസംരക്ഷണ മേഖലയിൽ - 1.08 കോടി രൂപ**

| | | |
|---|---|---|
| ❋ സ്റ്റേറ്റ് സീഡ് ഫാം അറുനൂറ്റിമംഗലം കാർഷിക വികസന പ്രവർത്തനങ്ങൾ | : | 20 ലക്ഷം രൂപ |
| ❋ സ്റ്റേറ്റ് സീഡ് ഫാം അറുനൂറ്റിമംഗലം ഫലവൃക്ഷ തൈകളുടെ ഉൽപാദനവും വിതരണവും | : | 2 ലക്ഷം രൂപ |
| ❋ സ്റ്റേറ്റ് സീഡ് ഫാം അറുനൂറ്റിമംഗലം ദൈനംദിന ചെലവുകൾ | : | 2 ലക്ഷം രൂപ |
| ❋ സ്റ്റേറ്റ് സീഡ് ഫാം വീയപുരം ദൈനംദിന ചെലവുകൾ | : | 2 ലക്ഷം രൂപ |
| ❋ സ്റ്റേറ്റ് സീഡ് ഫാം വീയപുരം വിത്തു ഉല്പാദനവും അനുബന്ധ വികസന പ്രവർത്തനങ്ങളും | : | 20 ലക്ഷം രൂപ |
| ❋ ആലപ്പുഴ, കണിച്ചുകുളങ്ങര എ.ബി.സി സെന്ററുകളുടെ തുടർപ്രവർത്തനങ്ങൾ | : | 25 ലക്ഷം രൂപ |
| ❋ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും/ മികച്ച അദ്ധ്യാപകർക്കും/ കലാ-കായിക രംഗത്ത് മികവ് തെളിയിച്ചവരെയും ആദരിക്കൽ/മികച്ച സ്കൂളിന് അക്ഷര പുരസ്ക്കാരം അവാർഡ് | : | 2 ലക്ഷം രൂപ |
| ❋ **ആലപ്പി ബ്രാന്റ് അരി** - നെല്ല് സംഭരണവും മൂല്യവർദ്ധിത ഉൽപ്പന്ന വിപണനവും | : | 10 ലക്ഷം രൂപ |
| ❋ എള്ള് സംഭരണവും ഓണാട്ടുകര ബ്രാന്റ് എള്ളെണ്ണ വിപണനവും | : | 5 ലക്ഷം രൂപ |
| ❋ **ആലപ്പി പാൽ** - പാൽ സംഭരണവും വിപണനവും | : | 10 ലക്ഷം രൂപ |
| ❋ കേടായ കാർഷിക യന്ത്രങ്ങൾ റിപ്പയറിംഗ് | : | 5 ലക്ഷം രൂപ |
| ❋ ഫിഷ് ലാന്റിംഗ് സെന്റർ കേന്ദ്രീകരിച്ച് വിശ്രമ കേന്ദ്രം, മത്സ്യത്തൊഴിലാളികൾക്ക് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | : | 5 ലക്ഷം രൂപയും |

വകയിരുത്തുന്നു.

ഇപ്രകാരം പ്രാരംഭബാക്കി **44 കോടി 24 ലക്ഷത്തി പതിനേഴായിരത്തി നാൽപ്പത്തിയേഴ് രൂപയും** തൻവർഷ വരവ് **120 കോടി 77 ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി അൻപത് രൂപയും** ഉൾപ്പെടെ ആകെ **165 കോടി ഒരു ലക്ഷത്തി അറുപതിനായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ** വരവും **164 കോടി 43 ലക്ഷത്തി എൺപത്തിയെണ്ണായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ** ചെലവും **57 ലക്ഷത്തി എഴുപത്തി രണ്ടായിരത്തി മൂന്ന് രൂപ** നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തിലേക്കുള്ള പദ്ധതികളുടെ വിശദമായ ബജറ്റ് എസ്റ്റിമേറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

2026-27 ബജറ്റിലൂടെ സമസ്ത മേഖലകളുടെ വികസനവും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസന കാഴ്ചപ്പാടുമാണ് നമുക്കുള്ളത്.

ഈ ബജറ്റ് അക്കങ്ങളുടെ കൂട്ടമല്ല ജനങ്ങളുടെ പ്രതീക്ഷകളുടെ പ്രതിഫലനമാണ്. നമ്മുടെ നാട്ടിൽ വികസനത്തിന്റെ പ്രകാശം എത്തിക്കുക എന്നതാണ് ഈ ബജറ്റിന്റെ ആത്മാവ്.

പ്രതീക്ഷകളെ യാഥാർത്ഥ്യങ്ങൾ ആക്കുന്ന പുതിയ പ്രഭാതത്തിനായി നമുക്ക് കൈകോർക്കാം സമത്വവും സാമൂഹ്യനീതിയും കൈപിടിച്ചുള്ള ഒരു നവകേരള സൃഷ്ടിക്കായി ഈ ബജറ്റ് സമർപ്പിക്കുന്നു

ചിന്തകളുടെ വൈവിധ്യം നമ്മുടെ ശക്തിയാണ് അതുകൊണ്ടുതന്നെ ലഭ്യമായ വിഭവസ്രോതസ്സുകളെ ഉപയോഗിച്ച് ജില്ലയിലെ വികസന ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് നിങ്ങളുടെ ഏവരുടെയും സജീവമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ഈ ബജറ്റ് സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,



അഡ്വ. ഷീന സനൽ കുമാർ
വൈസ് പ്രസിഡന്റ്
ആലപ്പുഴ ജില്ലാപഞ്ചായത്ത്

# ആലപ്പുഴ ജില്ലാ പഞ്ചായത്ത്

## 2026-2027 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻ ബാക്കി | 44,24,17,147 |
| വരവ് | 120,77,43,050 |
| ആകെ വരവ് | 165,01,60,197 |
| ആകെ ചെലവ് | 164,43,88,194 |
| നീക്കി ബാക്കി | 57,72,003 |

ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2026-2027 ബജറ്റ് സംഗ്രഹം

(ധനകാര്യ സ്ഥിരം സമിതിയുടെ 27.02.2026 തീയതിയിലെ 1- നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചത്)

## വരവുകൾ

| | |
|---|---:|
| മുൻബാക്കി | 44,24,17,147 |
| നികുതിയിതര വരുമാനം | 4,12,86,050 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7,52,24,000 |
| വികസന ഫണ്ട് | 74,65,75,000 |
| മെയിന്റനൻസ് ഗ്രാന്റ് | 33,63,58,000 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 80,00,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,00,000 |
| മറ്റുള്ളവ | 1,00,000 |
| **ആകെ വരവ്** | **165,01,60,197** |

## ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2026–2027 ബജറ്റ് സംഗ്രഹം

| ചെലവുകൾ | |
|---|---|
| ജനപ്രതിനിധികളുടെ ഹോണറേറിയം, യാത്രാപ്പടി, മറ്റ് ആനുകൂല്യങ്ങൾ | 74,22,750 |
| ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും | 4,81,58,410 |
| ഓഫീസ് ചെലവുകൾ | 1,38,85,225 |
| മറ്റ് ഭരണച്ചെലവുകൾ | 1,14,89,625 |
| ജനകീയാസൂത്രണ പദ്ധതി ചെലവുകൾ | 155,51,32,184 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 80,00,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,00,000 |
| മറ്റുള്ളവ | 1,00,000 |
| **ആകെ ചെലവ്** | **164,43,88,194** |
| | |
| **നീക്കിയിരിപ്പ്** | **57,72,003** |

**Report: Form 1**

## From Date: 2026-2027 NEW BUDGET

| SN | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| | **Opening Balance** | **307845335** | **442417147** |
| | Revenue Receipt - 1 | | |
| | Fees and User Charges - 140 | | |
| 1 | 1401399 Fees for Other Certificates or Extracts | 10000 | 10500 |
| 2 | 1402003 Other Penalities and Fines | 1000000 | 1050000 |
| 3 | 1404099 Other Fees | 300000 | 315000 |
| 4 | 1405009 Receipts from Schools | 35000 | 36750 |
| 5 | 1405011 Receipts from Veterinary Poly Clinic | 200000 | 210000 |
| 6 | 1405022 Receipts on account of cost of goods and services rendered | 2000000 | 2100000 |
| 7 | 1408001 Other Charges | 1100000 | 1155000 |
| | **Total Fees and User Charges** | **4645000** | **4877250** |
| | Sale and Hire Charges - 150 | | |
| 8 | 1501001 Receipts from Sale of Agricultural Products | 13000000 | 13650000 |
| 9 | 1501099 Receipts from Sale of Other Products | 500000 | 525000 |
| 10 | 1501101 Receipts from Sale of Forms | 2400000 | 2520000 |
| 11 | 1501102 Receipts from Sale of Tender Forms | 500000 | 525000 |
| 12 | 1501202 Receipts from Sale of Scrap | 200000 | 210000 |
| 13 | 1501203 Receipts from auction of obsolete assets | 3200000 | 3360000 |
| | **Total Sale and Hire Charges** | **19800000** | **20790000** |
| | Revenue Grants, Contributions and Subsidies - 160 | | |
| 14 | 1601023 General Purpose Fund | 67697000 | 75224000 |
| | **Total Revenue Grants, Contributions and Subsidies** | **67697000** | **75224000** |
| | Income from Investments - 170 | | |
| 15 | 1701001 Interest on Investments | 1200000 | 1260000 |
| | **Total Income from Investments** | **1200000** | **1260000** |
| | Interest Earned - 171 | | |
| 16 | 1711001 Interest from Bank Accounts | 10000000 | 10500000 |
| | **Total Interest Earned** | **10000000** | **10500000** |
| | Other Income - 180 | | |
| 17 | 1808008 Receipts from Transferred Institutions - Animal Husbandry | 100000 | 105000 |
| | **Total Other Income** | **100000** | **105000** |
| | Prior Period Items - 280 | | |
| 18 | 2801002 Prior Period Income - Recovery of Unutiltzed Grants/ Funds | 2500000 | 2625000 |
| | **Total Prior Period Items** | **2500000** | **2625000** |
| | Rental Income - LB Properties - 130 | | |
| 19 | 1302003 Rent from Buildings | 56000 | 58800 |
| | Total Rental Income | 56000 | 58800 |
| | **Total Revenue Receipt** | **105998000** | **115440050** |

| | | | |
|---|---|---|---|
| | Capital Receipt - 2 | | |
| | Grants, Contribution for Specific Purposes - 320 | | |
| 20 | 3201004 Central Finance Commission Grant - Tied | 155196834 | 51415000 |
| 21 | 3201005 Central Finance Commission Grant - Untied | 83910652 | 77123000 |
| 22 | 3201029 Swaccha Bharat Mission - Solid Waste Management | 3952904 | 0 |
| 23 | 3202001 Development Fund - General | 376756731 | 437011000 |
| 24 | 3202002 Development Fund - Special Component Plan | 212800667 | 179233000 |
| 25 | 3202003 Development Fund - Tribal Sub-Plan | 1792000 | 1793000 |
| 26 | 3202009 Maintenance Fund - Road Assets | 179379000 | 164453000 |
| 27 | 3202010 Maintenance Fund - Non-Road Assets | 208164077 | 171905000 |
| 28 | 3202037 Other Revenue Grants | 74035000 | 100000 |
| 29 | 3209002 Contribution to Joint Venture Projects from Block Panchayat | 16500000 | 200000 |
| 30 | 3209003 Contribution to Joint Venture Projects from Grama Panchayat | 45755693 | 8000000 |
| | **Total Grants, Contribution for Specific Purposes** | **1358243558** | **1091233000** |
| | Deposits Received - 340 | | |
| 31 | 3401001 Earnest Money Deposit | 0 | 60000 |
| 32 | 3401002 Security Deposit | 0 | 500000 |
| | **Total Deposits Received** | **0** | **560000** |
| | Loans, Advances and Deposits - 460 | | |
| 33 | 4601001 Festival Advance to Employees | 178000 | 300000 |
| 34 | 4605004 Temporary Advances for Official Purposes | 200000 | 210000 |
| | **Total Loans, Advances and Deposits** | **378000** | **510000** |
| | **Total Capital Receipt** | **1358621558** | **1092303000** |
| | Revenue Expenditure - 3 | | |
| | Establishment Expenses - 210 | | |
| 35 | 2101001 Salaries -Secretary | 7500000 | 2500000 |
| 36 | 2101003 Salaries - Permanent Staff | 28950000 | 30397500 |
| 37 | 2101004 Salaries - Contract Staff | 650000 | 682500 |
| 38 | 2101005 Salaries - Temporary Staff | 2000000 | 2100000 |
| 39 | 2101007 Salaries - Part time Contingent Staff | 400000 | 420000 |
| 40 | 2101101 Wages | 2925000 | 3071250 |
| 41 | 2101201 Bonus | 52500 | 55125 |
| 42 | 2101301 Stipend | 100000 | 105000 |
| 43 | 2101401 Honourarium | 239200 | 251160 |
| 44 | 2102001 Travelling Allowances - Secretary | 240000 | 252000 |
| 45 | 2102003 Travelling Allowances - Permanent Staff | 500000 | 525000 |
| 46 | 2102004 Travelling Allowances - Temporary Staff | 90000 | 94500 |
| 47 | 2102005 Travelling Allowances - Contingent Staff | 10000 | 10500 |
| 48 | 2102014 Monthly Honorarium and Sitting Allowance - Councillors/ Members | 4380800 | 6000000 |
| 49 | 2102015 Uniforms | 16000 | 16800 |
| 50 | 2102017 Festival Allowance | 100000 | 105000 |
| 51 | 2102018 Spectacle Allowance | 50000 | 52500 |
| 52 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 1155000 | 1212750 |

| | | | |
|---|---|---|---|
| 53 | 2102020 Telephone Allowance - Secretary | 10000 | 10500 |
| 54 | 2102023 Medical Re-Imbursement -Staff | 1000000 | 1050000 |
| 55 | 2102024 Shoe Allowance | 2000 | 2100 |
| 56 | 2102026 Leave Travel Concession | 500000 | 525000 |
| 57 | 2102027 Medical Re-Imbursement -Councillors | 200000 | 210000 |
| 58 | 2103001 Employer's Contribution to Pension Fund - Regular Employees | 630000 | 661500 |
| 59 | 2103006 Employer's Contribution to NPS - Regular Employees | 750000 | 787500 |
| 60 | 2104001 Terminal Leave Surrender | 2000000 | 2100000 |
| 61 | 2105001 Remuneration | 25000 | 26250 |
| 62 | 2105099 Other Establishment Expenses | 2244500 | 2356725 |
| | **Total Establishment Expenses** | **56720000** | **55581160** |
| | Administrative Expenses - 220 | | |
| 63 | 2201001 Rent of Buildings | 525000 | 551250 |
| 64 | 2201002 Land Tax/ Basic Tax | 50000 | 52500 |
| 65 | 2201101 Office Electricity Expenses | 600000 | 630000 |
| 66 | 2201102 Water Charges - Office | 50000 | 52500 |
| 67 | 2201199 Other Office Maintenance Expenses | 892500 | 937125 |
| 68 | 2201201 Telephone Expenses/ Internet Charges | 200000 | 210000 |
| 69 | 2201202 Postage Expenses | 25000 | 26250 |
| 70 | 2201299 Miscellaneous Communication Expenses | 300000 | 315000 |
| 71 | 2202001 Books & Periodicals | 200000 | 210000 |
| 72 | 2202101 Printing & Stationery | 650000 | 682500 |
| 73 | 2204001 Insurance | 300000 | 315000 |
| 74 | 2205101 Miscellaneous Legal Expenses | 150000 | 157500 |
| 75 | 2205201 Professional & Other Fees | 100000 | 105000 |
| 76 | 2206001 Newspaper Advertisement Charges | 600000 | 630000 |
| 77 | 2206002 Keralolsavam Expenses | 800000 | 840000 |
| 78 | 2208099 Miscellaneous Administration Expenses | 5500000 | 5775000 |
| | **Total Administrative Expenses** | **10942500** | **11489625** |
| | Operation and Maintenance - 230 | | |
| 79 | 2301002 Fuel Charges | 2500000 | 2625000 |
| 80 | 2304001 Vehicle Hire Charges | 200000 | 210000 |
| 81 | 2305301 Repairs & Maintenance - Vehicles | 800000 | 840000 |
| 82 | 2305901 Repairs & Maintenance - Machinery | 100000 | 105000 |
| 83 | 2305902 Repairs & Maintenance - Office Equipments | 500000 | 525000 |
| 84 | 2308010 Extra - ordinary Expenses | 1200000 | 1260000 |
| 85 | 2308013 Sanitation Expenses | 100000 | 105000 |
| 86 | 2308099 Other Operating & Maintenance Expenses | 4030000 | 4231500 |
| 87 | 2308201 Refreshment Charges | 1000000 | 1050000 |
| | **Total Operation and Maintenance** | **10430000** | **10951500** |
| | Interest and Finance Charges - 240 | | |
| 88 | 2407001 Bank Charges | 6500 | 6825 |
| 89 | 2408001 Other Finance Expenses | 100000 | 105000 |
| | **Total Interest and Finance Charges** | **106500** | **111825** |
| | Expenses Related to Productive Sector - 251 | | |
| 90 | 2510101 Agriculture - Paddy | 20416920 | 0 |
| 91 | 2510124 Agriculture - Intercropping | 2600000 | 0 |

| | | | |
|---|---|---|---|
| 92 | 2510131 Agriculture Development - Infrastructure Facilities | 65726574 | 0 |
| 93 | 2510132 Agriculture Related Facilities | 813430 | 0 |
| 94 | 2510138 Agriculture - Other Crops | 500000 | 0 |
| 95 | 2510209 Animal Husbandry - Infrastructure | 3035000 | 0 |
| 96 | 2510210 Animal Husbandry - Disease Control | 18134436 | 0 |
| 97 | 2510215 Protection of Animals | 2500000 | 0 |
| 98 | 2510305 Dairy Development - Milk Incentives | 6000000 | 0 |
| 99 | 2510404 Inland -Pisciculture | 1000000 | 0 |
| 100 | 2510407 Ranching | 1000000 | 0 |
| 101 | 2510417 Marine Fishing | 2640000 | 0 |
| 102 | 2510605 Khadi and Village Industries | 2000000 | 0 |
| 103 | 2510801 Soil Conservation | 400000 | 0 |
| 104 | 2510802 Water Conservation | 1064748 | 0 |
| 105 | 2510806 Watershed Management | 46060000 | 0 |
| 106 | 2511101 Entreprenuership Development/ Promotion | 2502000 | 0 |
| 107 | 2511201 Skill Development | 1000000 | 0 |
| 108 | 2511301 Self Employment and Marketing Promotion | 14000000 | 0 |
| | **Total Expenses Related to Productive Sector** | **191393108** | **0** |
| | Expenses Related to Service Sector - 252 | | |
| 109 | 2520101 Pre-primary Education | 200000 | 0 |
| 110 | 2520103 High School Education | 12969877 | 0 |
| 111 | 2520104 Higher Secondary Education | 44862704 | 0 |
| 112 | 2520105 Vocational Higher Secondary Education | 8305148 | 0 |
| 113 | 2520106 Technical Education | 2200000 | 0 |
| 114 | 2520107 Education-Related Activities | 17467000 | 0 |
| 115 | 2520109 Encourage Excellence of SC/ ST | 7417000 | 0 |
| 116 | 2520111 Contribution towards SSA | 12000000 | 0 |
| 117 | 2520202 Literacy Equivalance Examination | 5500000 | 0 |
| 118 | 2520301 Reading Rooms, Libraries - Infrastructure | 4636411 | 0 |
| 119 | 2520502 Arts,Culture,Sports and Youth Welfare-Infrastructure | 6300000 | 0 |
| 120 | 2520503 Arts,Culture,Sports and Youth Welfare-Promotion | 6720000 | 0 |
| 121 | 2520602 Health related Programs | 8222966 | 0 |
| 122 | 2520618 Medical Institution - Allopathy | 73333175 | 0 |
| 123 | 2520619 Medical Institution - Ayurvedic | 18700000 | 0 |
| 124 | 2520620 Medical Institution - Homoeo | 4000000 | 0 |
| 125 | 2520702 Drinking Water - Public | 19135500 | 0 |
| 126 | 2520801 Housing & House Electrification - Individual | 133754190 | 0 |
| 127 | 2520802 Housing & House Electrification - Construction/Purchase by Local Government | 48558484 | 0 |
| 128 | 2520903 Women Welfare | 7226800 | 0 |
| 129 | 2520904 Welfare of the Aged | 1500000 | 0 |
| 130 | 2520905 Welfare Programs for the Destitute | 4000000 | 0 |
| 131 | 2520906 Welfare Programs for Physically/ Mentally Challenged | 20940000 | 0 |
| 132 | 2520908 Social Security Programme | 1200000 | 0 |
| 133 | 2521001 Anganwadi Nutrition | 7500000 | 0 |
| 134 | 2521002 Other Nutrition Distribution Programme | 7000000 | 0 |
| 135 | 2521101 Anganwadi Infrastructure | 2461313 | 0 |
| 136 | 2521201 Vocational Capacity Building - Vocational Training | 6361000 | 0 |

| | | | |
|---|---|---|---|
| 137 | 2521202 Vocational Capacity Building - Institutional | 400000 | 0 |
| 138 | 2521203 Vocational Capacity Building - Related Activities | 4067841 | 0 |
| 139 | 2521401 Electricity Line Extension | 20356615 | 0 |
| 140 | 2521402 Electricity Line - Transformer - Voltage Improvement | 50000 | 0 |
| 141 | 2521601 Local Government Service Delivery Improvement | 3650359 | 0 |
| 142 | 2521602 Payments to IKM | 800000 | 0 |
| 143 | 2521701 Allied Institution Service Delivery Improvement | 22784299 | 0 |
| 144 | 2521903 Public Sanitation - Related Activities | 11300000 | 0 |
| 145 | 2522001 Plan Formulation, Implementation and Monitoring | 1050000 | 0 |
| 146 | 2522101 Crematorium | 2835553 | 0 |
| 147 | 2522203 Draught relief related activities | 115762 | 0 |
| 148 | 2522306 Solid Waste Management - Processing - Institution | 1050000 | 0 |
| 149 | 2522315 Liquid Waste Management - Preparatory Activities | 1000000 | 0 |
| 150 | 2522317 Liquid Waste Management - Processing | 483044 | 0 |
| 151 | 2523201 Information and Knowledge Dissemination Capacity Development | 1500000 | 0 |
| | **Total Expenses Related to Service Sector** | **563915041** | **0** |
| | Expenses Related to Infrastructure Sector - 253 | | |
| 152 | 2530102 Office Electrification | 150000 | 0 |
| 153 | 2530201 Roads | 32719240 | 0 |
| 154 | 2530203 Bridges | 1000000 | 0 |
| 155 | 2530301 Public Buildings - Local Government Office Building | 1814243 | 0 |
| 156 | 2530502 Hiring of vehicles for office purposes | 5000 | 0 |
| | Total Expenses Related to Infrastructure Sector | 35688483 | 0 |
| | Prior Period Items - 280 | | |
| 157 | 2808001 Prior Period Expenses | 50000 | 50000 |
| | **Total Prior Period Items** | **50000** | **50000** |
| | **Total Revenue Expenditure** | **869245632** | **78184110** |
| | Capital Expenditure - 4 | | |
| | Refund of Deposits - 340 | | |
| 158 | 3401001 Earnest Money Deposit | 50000 | 60000 |
| 159 | 3401002 Security Deposit | 500000 | 500000 |
| | **Total Refund of Deposits** | **550000** | **560000** |
| | Payment of Recoveries - 350 | | |
| 160 | 3501102 Net Salary Payable | 1224782 | 0 |
| 161 | 3501301 Employers Liabilities - Pension Contribution (NPS) | 39629 | 0 |
| 162 | 3502001 Recoveries Payable - General Provident Fund | 87530 | 0 |
| 163 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | 144845 | 0 |
| 164 | 3502003 Recoveries Payable - Subscription to Provident Fund for Municipal Regular employees | 16000 | 0 |
| 165 | 3502006 Recoveries Payable - Insurance Premium | 18226 | 0 |
| 166 | 3502011 Recoveries Payable - Income Tax Deducted at Source-Salaries | 20000 | 0 |
| 167 | 3502012 Recoveries Payable - State Life Insurance | 25275 | 0 |
| 168 | 3502014 Recoveries Payable - Group Insurance | 21600 | 0 |
| 169 | 3502020 Recoveries Payable - Employee Share NPS | 31461 | 0 |
| 170 | 3502022 Recoveries Payable -Medisep -Regular | 14000 | 0 |

| | | | |
|---|---|---|---|
| 171 | 3502030 Recoveries Payable - House Building Advance | 20000 | 0 |
| 172 | 3503008 Government and Other Dues Payable - CGST | 1647 | 0 |
| 173 | 3503009 Government and Other Dues Payable - SGST | 1647 | 0 |
| 174 | 3504099 Refund Payable - Others | 1500000 | 1500000 |
| | **Total Payment of Recoveries** | **3166642** | **1500000** |
| | Fixed Assets - 410 | | |
| 175 | 4101001 Land | 36540950 | 0 |
| 176 | 4101002 Grounds | 3500000 | 0 |
| 177 | 4101008 Public well | 10075000 | 0 |
| 178 | 4102002 Administrative Buildings | 3100000 | 0 |
| 179 | 4102005 Hospital Buildings | 1950000 | 0 |
| 180 | 4102008 School Buildings | 53508372 | 0 |
| 181 | 4102016 Other Buildings | 138514694 | 0 |
| 182 | 4102017 Compound Wall | 7226533 | 0 |
| 183 | 4103002 Black Topped Roads | 101695644 | 0 |
| 184 | 4103003 Interlocked Roads | 800000 | 0 |
| 185 | 4103004 Footpath | 1158279 | 0 |
| 186 | 4103005 Metalled Roads | 1500000 | 0 |
| 187 | 4103008 Bridges | 2490000 | 0 |
| 188 | 4103010 Culverts | 1700000 | 0 |
| 189 | 4103012 Side Walls | 6418443 | 0 |
| 190 | 4103099 Other Constructions | 33770726 | 0 |
| 191 | 4103101 Sewerage | 2000000 | 0 |
| 192 | 4103102 Drainage | 52298913 | 0 |
| 193 | 4104001 Plant & Machinery | 27828174 | 0 |
| 194 | 4105001 Vehicles | 150000 | 0 |
| 195 | 4106001 Office & Other Equipments | 100000 | 0 |
| 196 | 4106002 Computers, Printers & Peripherals | 7640538 | 0 |
| 197 | 4107001 Furniture, Fixtures, Fittings & Electrical Appliances | 7620000 | 0 |
| 198 | 4108001 Other Fixed Assets | 22518206 | 0 |
| | **Total Fixed Assets** | **524104472** | **0** |
| | Loans, Advances and Deposits - 460 | | |
| 199 | 4601001 Festival Advance to Employees | 178000 | 186900 |
| 200 | 4601002 Imprest | 500000 | 525000 |
| | **Total Loans, Advances and Deposits** | **678000** | **711900** |
| | **Total Capital Expenditure** | **528499114** | |
| | **Total Expenditure** | **1397744746** | |
| | **Total Receipts** | **1464619558** | |
| | **Balance** | **442417147** | |